Government of Kerala

Kerala Infrastructure and Technology for Education

27.12.2025

**<u>താല്പര്യപത്രം</u>**

2026 ജനുവരി 14 മുതൽ 18 വരെ തീയതികളിൽ തൃശ്ശൂരിൽ വച്ച് നടക്കുന്ന 64–ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിലെ വിവിധ വേദികളിലെ മത്സര ഇനങ്ങൾ കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ തത്സമയം സംപ്രേഷണം ചെയ്യുന്നതിന് ആവശ്യമായ പ്രൊഫഷണൽ മൾട്ടിക്യാമറ ലൈവ് വീഡിയോ ഫീഡ് നൽകാൻ താല്പര്യമുള്ള സ്ഥാപനങ്ങൾ, ഏജൻസികൾ, വ്യക്തികൾ എന്നിവരിൽ നിന്നും താല്പര്യപത്രം (Expression of Interest) ക്ഷണിക്കുന്നു.

1. കുറഞ്ഞത് 5 പ്രധാന വേദികളിൽ നിന്നും ഉള്ള മൾട്ടിക്യാമറ ലൈവ് ഫീഡുകൾ FHD wide ഫോർമാറ്റിലാണ് നൽകേണ്ടത്. (ഒന്നാം വേദിയിലും, നാടക വേദിയിലും മിനിമം 3 ക്യാമറ ഉണ്ടാകണം) 5 വേദികൾക്കുപരിയായി മറ്റു 5 വേദികളിൽ നിന്നുള്ള FHD വീഡിയോകളും ദിവസേന തൃശ്ശൂർ തേക്കിൻകാട് മൈതാനത്തുള്ള കൈറ്റ് വിക്ടേഴ്സ് പവിലിയനിൽ Hard disk-ൽ ലഭ്യമാക്കേണ്ടതാണ്. ലഭ്യമാകുന്ന വീഡിയോ ഫീഡുകൾ റെക്കോർഡ് ചെയ്തുകൂടി നൽകേണ്ടതാണ്.

2. തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിലുള്ള കൈറ്റ് വിക്ടേഴ്സിന്റെ പവിലിയനിൽ വീഡിയോ ഫീഡ് ലഭ്യമാക്കേണ്ടതാണ്. 13.01.2026 മുതൽ 200 mbps 1:1 FTTH ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കണം. കൂടാതെ പവിലിയനു സമീപം സ്ഥാപിക്കുന്നതിലേയ്ക്ക് ഒരു വീഡിയോവാളും (outdoor) പ്ലാറ്റഫോമും (ഔട്ട് സൈഡ് – ഏകദേശം 12 Ft height) ലഭ്യമാക്കണം. വീഡിയോ വാളിന് സ്ക്വയർ ഫീറ്റിന് ഒരു ദിവസത്തേയ്ക്കുള്ള റേറ്റ് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്.

3. പ്രധാന അഞ്ച് വേദികൾക്കുപരിയായി പ്രധാന പരിപാടികൾ നടക്കുന്ന മറ്റു 5 വേദികളിൽ നിന്നുള്ള HD ഫോർമാറ്റിലുള്ള വീഡിയോകളും ദിവസേന കൈറ്റ് വിക്ടേഴ്സ് പവിലിയനിൽ ലഭ്യമാക്കേണ്ടതാണ്. ഈ വേദികളിൽ ദിനവും മാറ്റം വരാം. ഇതിലേയ്ക്ക് ഒരു ദിവസത്തേയ്ക്കുള്ള റേറ്റ് പ്രത്യേകമായി ക്വാട്ട് ചെയ്യേണ്ടതാണ്.

VICTERS The Complete Educational Channel
Kerala Infrastructure and Technology for Education (KITE)
Poojappura P.O. Thiruvananthapuram-695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in
www.kite.kerala.gov.in
(CIN : U74999KL2017NPL049848)

4. ഓരോ ദിവസവും മത്സര ഇനങ്ങൾ ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതുവരെ വർക്ക് ഓർഡറിൽ നിർദ്ദേശിക്കുന്ന വേദികളിൽ നിന്നുള്ള ഫീഡുകളും റെക്കോർഡ് ചെയ്ത വീഡിയോകളും ലഭ്യമാക്കേണ്ടതാണ്.

5. കൈറ്റ് വിക്ടേഴ്സിന് നൽകുന്ന വീഡിയോയിൽ മറ്റു ലോഗോകളോ പരസ്യങ്ങളോ ഉണ്ടാകാൻ പാടില്ല.

താല്പര്യപത്രം ലഭിക്കേണ്ട അവസാന തീയതി 03.01.2026 വൈകുന്നേരം 03.00 മണി.

ഇതുമായി ബന്ധപ്പെട്ട സംശയദൂരീകരണം ആവശ്യമെങ്കിൽ തിരുവനന്തപുരം പൂജപ്പുരയിലുള്ള കൈറ്റിന്റെ ഓഫീസുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.
(Ph No. : 0471 2529800, Email ID : victers@gmail.com)

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ